നമ്പർ: ഇ.എച്ച്1-105529/2018/ആ.വ.ഡ.                                    തീയതി: 04-01-2019

# സർക്കുലർ

വിഷയം:- ആ.വ.ഡ. - 2019 ലെ പൊതുസ്ഥലംമാറ്റവുമായി ബന്ധപ്പെട്ട് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതു - സംബന്ധിച്ച്

സൂചന :- സർക്കാർ ഉത്തരവ് നം. 3822/2018/ആ.കു.വ, തീയതി 29-12-2018

-----------

2019 ലെ പൊതുസ്ഥലംമാറ്റം സംബന്ധിച്ച നിർദ്ദേശങ്ങൾ വിവരിച്ചുകൊണ്ട് മേൽ സൂചന പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. എല്ലാ സ്ഥാപന മേധാവികളും 2018 ഡിസംബർ 31 വരെ നടന്ന സ്ഥലംമാറ്റങ്ങളുടെയും സ്ഥാനക്കയറ്റങ്ങളുടെയും അടിസ്ഥാനത്തിൽ ജീവനക്കാരുടെ സേവന വിവരങ്ങൾ സ്പാർക്കിൽ കൃത്യമായി അപ്ഡേറ്റ് ചെയ്യേണ്ടതാണെന്ന് കർശന നിർദ്ദേശം നൽകുന്നു. സ്പാർക്കിലെ സേവനവിവരങ്ങളിൽ ഉണ്ടാകുന്ന പിഴവ് മൂലം പൊതുസ്ഥലംമാറ്റത്തിൽ അപാകത സംഭവിക്കുന്ന പക്ഷം ആയതിന്റെ പൂർണ്ണ ഉത്തരവാദിത്വം അതാത് സ്ഥാപന മേധാവികൾക്കായിരിക്കുമെന്നും, ഇതിൽ വീഴ്ചവരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന അച്ചടക്ക നടപടി സ്വീകരിക്കുന്നതാണെന്നും അറിയിക്കുന്നു. SPARK ൽ ലഭ്യമായ വിവരങ്ങൾ പരിശോധിച്ചതിൽ പല സ്ഥാപനങ്ങളിലും JPHN, JHI, Lab Technician, Pharmacist, Staff Nurse എന്നീ തസ്തികകളിൽ ജോലി ചെയ്യുന്ന ഗ്രേഡ് I ജീവനക്കാരുടെ വിവരങ്ങൾ ഗ്രേഡ് II ജീവനക്കാരുടെ കൂടെ ഉൾപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ആയതിനാൽ സ്ഥാപന മേധാവികൾ നിലവിൽ സ്ഥാപനത്തിൽ ജോലി ചെയ്യുന്ന മേൽ തസ്തികകളിലെ ഗ്രേഡ് I, ഗ്രേഡ് II ജീവനക്കാരുടെ വിവരങ്ങൾ (SPARK → Service matters → Sanctioned post) എന്ന ഓപ്ഷനിൽ കൃത്യമായി എന്റർ ചെയ്യേണ്ടതും ഗ്രേഡ് I പ്രൊമോഷൻ ലഭിച്ച ജീവനക്കാരെ അവരുടെ കേഡറിൽ തന്നെ ഉൾപ്പെടുത്തേണ്ടതുമാണ്.

## ഓൺലൈൻ വഴി അപേക്ഷ സമർപ്പിക്കുന്ന ജീവനക്കാർക്കുള്ള നിർദ്ദേശങ്ങൾ

1) ഓൺലൈൻ മുഖാന്തിരം ആരോഗ്യ വകുപ്പിലെ ജീവനക്കാർക്കുള്ള സ്ഥലംമാറ്റം നടത്തുന്നതിന് www.spark.gov.in/webspark എന്ന സൈറ്റിൽ പോയി Application for General Transfer എന്ന ഓപ്ഷൻ തുറക്കുക.



GOVERNMENT OF KERALA 2017-18

2) അപേക്ഷകന്റെ PEN നമ്പർ നൽകി ആ വ്യക്തിയുടെ സ്പാർക്ക് അക്കൗണ്ടിൽ ചേർത്തിരിക്കുന്ന മൊബൈൽ നമ്പർ നൽകുമ്പോൾ അപേക്ഷാഫോറം ലഭ്യമാകുന്നതാണ്.

3) ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്തി / സെലക്ട് ചെയ്ത് പരിശോധിച്ച് ശരിയാണെന്ന് ഉറപ്പ് വരുത്തി declaration അംഗീകരിക്കുക.

4) അതിനുശേഷം അതിനു താഴെയുള്ള OTP (One Time Password) ൽ verify ബട്ടൺ click ചെയ്യുമ്പോൾ അപേക്ഷകന്റെ മൊബൈലിൽ ലഭിക്കുന്ന നമ്പർ ചേർത്താൽ മാത്രമേ അപേക്ഷ രജിസ്റ്റർ ചെയ്യുകയുള്ളൂ. ഇങ്ങനെ സമർപ്പിക്കപ്പെടുന്ന അപേക്ഷയിൽ യാതൊരുവിധ തിരുത്തലും സാദ്ധ്യമല്ലാത്തതിനാൽ കൃത്യമായും ശ്രദ്ധാപൂർവ്വം അപേക്ഷ പരിശോധിച്ച് സമർപ്പിക്കേണ്ടതാണ്.

5) അതിനു ശേഷം പ്രിന്റ് എടുത്ത് ആവശ്യമായ രേഖകൾ സഹിതം അപേക്ഷകൾ ആഫീസിൽ സമർപ്പിക്കുക.

6) ഈ സൗകര്യം ജീവനക്കാർക്ക് 20-01-2019 ന് വൈകിട്ട് 5.00 മണിവരെ മാത്രമേ ലഭ്യമാകുകയുള്ളൂ.

7) ജീവനക്കാർ സമർപ്പിക്കുന്ന അപേക്ഷ ആഫീസ് മേധാവി പരിശോധിച്ച് ശരിയാണ് എന്ന് ഉറപ്പുവരുത്തി ജില്ലാ മെഡിക്കൽ ആഫീസർക്ക് 21-01-2019 ന് 5.00 മണിയ്ക്ക് മുമ്പായി സമർപ്പിക്കേണ്ടതാണ്. ജില്ലാ മേലധികാരിക്ക് ലഭിക്കുന്ന സ്ഥലംമാറ്റത്തെ സംബന്ധിക്കുന്ന അപേക്ഷകൾ പരിശോധിച്ച് ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് സമർപ്പിക്കേണ്ട അവസാന തീയതി 23-01-2019 വൈകുന്നേരം 5.00 മണി ആണ്. ഈ തീയതികളിൽ യാതൊരു കാരണവശാലും മാറ്റം ഉണ്ടാകുന്നതല്ല. എല്ലാ ജീവനക്കാരും ആഫീസ് മേധാവികളും നിശ്ചിത സമയത്തിനുള്ളിൽ അപേക്ഷകൾ ഈ വിധം സ്പാർക്ക് മുഖാന്തിരം ആണ് സമർപ്പിക്കേണ്ടത്.

8) ജീവനക്കാരുടെ വിവരങ്ങൾ സ്പാർക്കിൽ തെറ്റായി നൽകുക, മറച്ച് വയ്ക്കുക, വീഴ്ച വരുത്തുക തുടങ്ങിയവ മൂലം ഏതെങ്കിലും ഒരു ജീവനക്കാരന് സ്ഥലംമാറ്റത്തിനുള്ള അവസരം നഷ്ടപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടാൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥന് എതിരെ കർശന അച്ചടക്ക നടപടി സ്വീകരിക്കുന്നതാണ്.

9) ജീവനക്കാരുടെ സ്പാർക്ക് അക്കൗണ്ട് ലോക്ക് ചെയ്തിട്ടുള്ള സ്ഥാപനമേലധികാരികൾ അത് unlock ചെയ്യണമെങ്കിൽ അതിലേക്കായി ഫഫോറം നമ്പർ 5 അയച്ചിട്ടില്ലാത്ത ആഫീസുകൾ ഫോറം നമ്പർ 5 പൂരിപ്പിച്ച് ഒപ്പിട്ട് സീൽ ചെയ്ത് സ്കാൻ ചെയ്ത് sparkdhs@gmail.com എന്ന mail ID യിലേയ്ക്ക് E-mail ചെയ്യേണ്ടതാണ്.

10) സ്പാർക്കിൽ ജീവനക്കാരുടെ service history യിൽ ശരിയായ രീതിയിൽ പൂർണ്ണ വിവരങ്ങൾ ചേർക്കേണ്ടത് ബന്ധപ്പെട്ട സ്ഥാപന മേധാവിയുടെ ഉത്തരവാദിത്വമാണ്. സർവ്വീസ് ബുക്കിലെ കോൺടാക്ട് വിവരത്തിൽ ചേർത്തിരിക്കുന്ന വിലാസത്തിൽ നൽകിയിരിക്കുന്ന ജില്ലയാണ് നേറ്റീവ് ജില്ലയായി പരിഗണിക്കുന്നത്.

11) സ്പാർക്ക് മുഖാന്തിരം സമർപ്പിച്ച അപേക്ഷകൾ താഴെ പറയുന്ന നടപടിക്രമങ്ങൾ പാലിച്ചാൽ മാത്രമേ അപേക്ഷകൾ ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിൽ ഓൺലൈൻ വഴി ലഭിക്കുകയുള്ളൂ. അതിലേയ്ക്കായി എല്ലാ ആഫീസിലെയും ആഫീസ് login ൽ Service matter ൽ Online Transfer request - DHS - Online application - proceeding at office സെലക്ട് ചെയ്ത് ക്രമ നമ്പർ 22 മുതലുള്ള കാര്യങ്ങൾ സെലക്ട് ചെയ്ത് ജില്ലാ മെഡിക്കൽ ആഫീസർക്ക് ഫോർവേഡ് ചെയ്യേണ്ടതാണ്. Comment നൽകാനുള്ള കോളത്തിൽ മേൽ പറഞ്ഞ അപേക്ഷയിൽ സർവ്വീസ് ബുക്കുമായി ഒത്തു നോക്കിയപ്പോൾ കാണുന്ന വ്യത്യാസങ്ങൾ എന്തെങ്കിലും ഉണ്ടെങ്കിൽ നൽകാവുന്നതും കൺട്രോളിംഗ് ഓഫീസറുടെ അഭിപ്രായം രേഖപ്പെടുത്താവുന്നതാണ്.

12) ജില്ലാ മെഡിക്കൽ ആഫീസിൽ ഇങ്ങനെ ലഭിക്കുന്ന അപേക്ഷകൾ ജില്ലാ മെഡിക്കൽ ആഫീസർ പരിശോധിച്ച് ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലേയ്ക്ക് ഫോർവേർഡ് ചെയ്യേണ്ടതാണ്.

ഓൺലൈൻ ട്രാൻസ്ഫർ സംബന്ധിച്ച സാങ്കേതിക സംശയങ്ങൾക്ക് ബന്ധപ്പെടേണ്ട വ്യക്തികളും ഫോൺ നമ്പരും ചുവടെ ചേർക്കുന്നു.

1) ശ്രീമതി. ഗംഗാദേവി.ജി, അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്
(ജനറൽ ട്രാൻസ്ഫർ നോഡൽ ഓഫീസർ) - 9447125599

2) ശ്രീ. രാജശേഖരൻ നായർ.ജി, സീനിയർ സൂപ്രണ്ട്
(അസിസ്റ്റന്റ് നോഡൽ ഓഫീസർ) - 9447865656

(ഒപ്പ്)
**ഡോ. സരിത.ആർ.എൽ.**
**ആരോഗ്യവകുപ്പ് ഡയറക്ടർ**

ഉള്ളടക്കം : ബന്ധപ്പെട്ട സർക്കാർ ഉത്തരവ്

സ്വീകർത്താവ്:

എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും / ജീവനക്കാർക്കും

പകർപ്പ്:

ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റ്

**//അംഗീകാരത്തോടെ//**
സൂപ്രണ്ട്

SS-04/01/2019

**കേരള സർക്കാർ**

(സംഗ്രഹം)

ആരോഗ്യകുടുംബക്ഷേമ വകുപ്പ് – 2019 ലെ പൊതുസ്ഥലംമാറ്റം – മാർഗ്ഗനിർദ്ദേശങ്ങൾ സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ആരോഗ്യകുടുംബക്ഷേമ (എം) വകുപ്പ്**

സ.ഉ.(ആർ.റ്റി) നം. 3822/2018/ആകുവ തിരുവനന്തപുരം, തീയതി, 29.12. 2018

പരാമർശം : 1) 25.02.2017 ലെ സ.ഉ(പി) 3/2017/ഉഭപവ നമ്പർ സർക്കാർ ഉത്തരവ്

2) 12.03.2018 ലെ സ. ഉ (ആർ.റ്റി) 830/2018/ആ.കു.വ നമ്പർ സർക്കാർ ഉത്തരവ്.

**ഉത്തരവ്**

2019 ലെ പൊതുസ്ഥലംമാറ്റം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് താഴെ പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ കർശനമായി പാലിക്കുവാൻ ഉത്തരവാകുന്നു.

1. 2019 ജനുവരി 1 മുതൽ 20 വരെ അപേക്ഷ സ്വീകരിക്കുകയും 2019 ജനുവരി 25 ന് കരട് ലിസ്റ്റ് പ്രസിദ്ധീകരിക്കുകയും , ലഭിക്കുന്ന പരാതികൾ 2019 ജനുവരി 30 വരെ തീർപ്പാക്കി 2019 ഫെബ്രുവരി 5 ന് അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിക്കുകയും ചെയ്യേണ്ടതാണ് .

2. കരട് ലിസ്റ്റും അന്തിമ ലിസ്റ്റും ബന്ധപ്പെട്ട വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കണം . അതോടൊപ്പം ഓരോ തസ്തികയുടെയും വെവ്വേറെ കരട് ലിസ്റ്റ് ബന്ധപ്പെട്ട ജില്ലാ ആഫീസുകളിൽ കൂടി പ്രസിദ്ധീകരിക്കേണ്ടതാണ് .

3. അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിക്കുമ്പോൾ അതിൽ സ്ഥലംമാറ്റ അപേക്ഷ അനുകൂലമായി പരിഗണിക്കുവാൻ ഇടയായ കാരണങ്ങൾ (പുറം സ്ഥാപനത്തിലെ സേവനകാലം, സൈനിക സേവനത്തിലിരിക്കുന്നവരുടെ ആശ്രിതർ, പെൻഷൻ ആകാറായവർ, അനുകമ്പ അർഹിക്കുന്നവർ തുടങ്ങിയവ) കാണിച്ചിരിക്കേണ്ടതാണ്.

4. എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാരും അന്തർജില്ലാ സ്ഥലംമാറ്റത്തിനായി ലഭിക്കുന്ന എല്ലാ അപേക്ഷകളും 2019 ജനുവരി 10-ന് മുൻപ് ഓരോ തസ്തികയ്ക്കും വെവ്വേറെ ആമുഖക്കുറിപ്പ് സഹിതം ബന്ധപ്പെട്ട വകുപ്പ് തലവൻമാരുടെ കാര്യാലയത്തിൽ ലഭ്യമാക്കണം .

5. 2019 ഫെബ്രുവരി 15-ാം തീയതിയോടുകൂടി പുതിയ സ്ഥലങ്ങളിൽ ജോലിയിൽ പ്രവേശിക്കാനാവും വിധം ഷെഡ്യൂൾ തയ്യാറാക്കണം.

6. 2019 മാർച്ച് 31 ന് മൂന്ന് വർഷം പൂർത്തിയാക്കുന്ന ജീവനക്കാരന്റെ അപേക്ഷ മാത്രമേ പൊതു സ്ഥലംമാറ്റത്തിന് പരിഗണിക്കുവാൻ പാടുള്ളൂ.

7. അന്തർജില്ലാ സ്ഥലംമാറ്റ ഉത്തരവ് പുറപ്പെടുവിച്ച ശേഷം മാത്രം ജില്ലയ്ക്കുള്ളിലുള്ള സ്ഥലംമാറ്റ ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്.

8. സ്ഥലംമാറ്റത്തിനുള്ള അപേക്ഷകൾ www.spark.gov.in/webspark എന്ന website വഴി സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ദിലീപ് സി.ഡി**

അണ്ടർ സെക്രട്ടറി

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.

മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

ഭക്ഷ്യ സുരക്ഷാ കമ്മീഷണർ, തിരുവനന്തപുരം.

ഡ്രഗ്സ് കൺട്രോളർ, തിരുവനന്തപുരം.

പബ്ലിക് റിലേഷൻസ് ഡയറക്ടർ, തിരുവനന്തപുരം (പരസ്യപ്പെടുത്തുന്നതിനായി).

കരുതൽ ഫയൽ / ആഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ